"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം -കോഴിക്കോട്, കുട്ടമ്പൂർ ഹയർ സെക്കന്ററി സ്കൂളിലെ ലാബ് അസിസ്റ്റന്റ് ശ്രീമതി. സീമ. പി.കെ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത W P(C) No. 3121/2021-ന്മേലുള്ള 03-03-2021-ലെ വിധിന്യായം പാലിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.59/2022/GEDN തീയതി,തിരുവനന്തപുരം, 18-04-2022

---

പരാമർശം:-

1. സ.ഉ(കൈ)നം.247/2014/പൊ.വി.വ തീയതി 24-11-2014
2. സ.ഉ(കൈ)നം. 106/2017/പൊ.വി.വ തീയതി 21-8-2017
3. സ.ഉ(കൈ)നം.108/2017/പൊ.വി.വ തീയതി 29-08-2017
4. ശ്രീമതി. സീമ പി.കെ സമർപ്പിച്ച 09-02-2021-ലെ റിവിഷൻ ഹർജി.
5. ശ്രീമതി. സീമ പി.കെ, ലാബ് അസിസ്റ്റന്റ്, കുട്ടമ്പൂർ ഹയർ സെക്കന്ററി സ്കൂൾ, കോഴിക്കോട് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള W P © No. 3121/2021-ന്മേലുള്ള 03-03-2021-ലെ വിധിന്യായം.
6. മേഖലാ ഉപമേധാവി, ഹയർ സെക്കന്ററി വിദ്യാഭ്യാസം, കോഴിക്കോട് -ന്റെ 28-05-2021-ലെ എ5/2668/2018 നമ്പർ കത്ത്.
7. പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം, തിരുവനന്തപുരം—ന്റെ 23-06-2021-ലെ എവിഡി.ബി1/200307/2021/HSE നമ്പർ കത്ത്.

**ഉത്തരവ്**

24-11-14-ലെ ജി. ഒ (എം.എസ്) 247/2014/പൊ.വി.വ ഉത്തരവ് പ്രകാരം എയ്ഡഡ് ഹയർ സെക്കണ്ടറിയായി ഉയർത്തപ്പെട്ട വിദ്യാലയമാണ് കോഴിക്കോട് ജില്ലയിലെ കുട്ടമ്പൂർ ഹയർ സെക്കണ്ടറി സ്കൂൾ. 2014-15 അധ്യയന വർഷം മുതൽ ടി സ്കൂളിൽ സയൻസ്, കൊമേഴ്സ് വിഭാഗങ്ങളിൽ ഓരോ ബാച്ച് വീതം പ്രവർത്തിക്കുന്നു. 2014-15 വർഷത്തിൽ പുതിയതായി അനുവദിക്കുമെന്ന് പ്രതീക്ഷിച്ച ലാബ് അസിസ്റ്റന്റ് തസ്തികയിലേക്ക് മാനേജർ ശ്രീമതി. സീമ പി.കെ-യെ 01-12-2014 മുതൽ നിയമിക്കുകയുണ്ടായി. ഈ സമയത്ത് ടിയാരിയുടെ പ്രായം 34 വയസായിരുന്നു. 21-08-2017- ലെ ജി.ഒ (എം.എസ്) നം. 106/17/പൊ.വി.വ ഉത്തരവ് പ്രകാരം ആണ് ടി സ്കൂളിൽ പുതിയ അധ്യാപക/അനധ്യാപക തസ്തികകൾ സൃഷ്ടിക്കപ്പെട്ടത്.

**2.** പരാമർശം (2) ഉത്തരവ് പ്രകാരം സൃഷ്ടിക്കപ്പെട്ട രണ്ട് ലാബ് അസിസ്റ്റന്റ് തസ്തികകളിൽ

ഒന്നിൽ മാനേജർ ശ്രീമതി. ഷബാനയെ 2018 ജനുവരിയിൽ നേരിട്ടുള്ള നിയമന രീതി പ്രകാരം നിയമിക്കുകയും ആയതിന് കോഴിക്കോട് മേഖലാ ഉപമേധാവി നിയമനാംഗീകാരം നൽകുകയും ചെയ്തു. രണ്ടാമത്തെ തസ്തികയിലേക്ക് ശ്രീമതി. സീമ പി.കെ -യെ നേരിട്ടുള്ള നിയമന രീതി പ്രകാരം 2018 മാർച്ചിൽ നിയമിച്ച് അംഗീകാരത്തിന് സമർപ്പിച്ചു. ശ്രീമതി. സീമ പി.കെ - യുടെ ജനനത്തിയതി 30-05-1980 ആയതിനാൽ മാനേജർ ടിയാരിയെ നിയമിച്ച 2018 ജനുവരി 1-ന് ടിയാരിക്ക് നിയമാനുസൃത പ്രായപരിധി കഴിഞ്ഞിരുന്നു. ടി സാഹചര്യത്തിൽ ലാബ് അസിസ്റ്റന്റ് തസ്തികയിലേക്ക് ടിയാരിയെ 02-03-18-ൽ നേരിട്ട് നിയമിച്ചു കൊണ്ടുള്ള അപേക്ഷ ഹയർസെക്കണ്ടറി മേഖലാ ഉപമേധാവി നിരസിക്കുകയുണ്ടായി. കുട്ടമ്പൂർ ഹയർ സെക്കണ്ടറി സ്കൂളിൽ ഹയർ സെക്കണ്ടറി ബാച്ച് അനുവദിച്ചതിനെ തുടർന്ന് മാനേജർ 01-12-14-ൽ ടിയാരിയെ നിയമിക്കുമ്പോൾ പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിലും തസ്തിക സൃഷ്ടിക്കപ്പെട്ടത് 21-08-17-ന് മാത്രമാണ്. ശ്രീമതി. സീമ പി.കെ-യുടെ നിയമനാംഗീകാര അപേക്ഷ കോഴിക്കോട് മേഖലാ ഉപമേധാവി നിരസിച്ചതിനെ തുടർന്ന് സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി ലാബ് അസിസ്റ്റന്റുമാർക്ക് നിയമനത്തിന് പ്രായപരിധിയിൽ ഇളവ് അനുവദിച്ചുത്തരവാകാത്തതിനാൽ നിരസിച്ചിരുന്നു.

**3.** കുട്ടമ്പൂർ ഹയർ സെക്കണ്ടറി സ്കൂളിൽ അനുവദിച്ച ലാബ് അസിസ്റ്റന്റ് തസ്തികയിൽ തനിക്ക് 02-03-18 മുതൽ നൽകിയ നിയമനം അംഗീകരിക്കുന്നതിനായി സർക്കാരിന്റെ പ്രത്യേക വിവേചനാധികാരം ഉപയോഗിച്ച് പൊതുനിയമനത്തിന് നിശ്ചയിച്ചിട്ടുള്ള ഉയർന്ന പ്രായ പരിധിയിൽ നിന്ന് ഇളവ് നൽകി പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഹർജിക്കാരി സർക്കാരിലേക്ക് പരാമർശം (4)റിവിഷൻ ഹർജി കൂടി സമർപ്പിക്കുകയുണ്ടായി. ഇതോടൊപ്പം ഇത് സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ 3121/21 നമ്പരായി ഒരു റിട്ട് പെറ്റീഷനും ഫയൽ ചെയ്യുകയുണ്ടായി. ബഹു. ഹൈക്കോടതിയുടെ പരാമർശം (5) വിധിന്യായ പ്രകാരം കോവിഡ്-19 മായി ബന്ധപ്പെട്ട സവിശേഷ സാഹചര്യം നിലനിൽക്കുന്ന സാഹചര്യത്തിൽ ഗൂഗിൾ മീറ്റ് സംവിധാനം മുഖേന പൊതുവിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ബന്ധപ്പെട്ടവരെ 01-06-21-ൽ കേൾക്കുകയുണ്ടായി.

4. ചട്ടപ്രകാരം ഹയർ സെക്കന്ററി സ്കൂളിൽ അനധ്യാപകർക്ക് നേരിട്ടുള്ള നിയമനത്തിന് 19-നും 35-നും ഇടയിലായിരിക്കണം പ്രായപരിധി . ശ്രീമതി സീമ പി കെ യുടെ ജനന തീയതി 30.05.1980 ആയതിനാൽ മാനേജർ ടിയാരിയെ നിയമിച്ച വർഷം ജനുവരി 1- ന് (01.01.2018ന്) ടിയാരിക്ക് നിയമാനുസൃത പ്രായപരിധി കഴിഞ്ഞിരുന്നു.നിലവിൽ ലാബ് അസ്സിസ്റ്റന്റ്മാർക്ക് നിയമനത്തിന് പ്രായപരിധിയിൽ ഇളവ് അനുവദിച്ച ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ശ്രീമതി സീമ പി കെ യ്ക്ക് ഉയർന്ന പ്രായ പരിധിയിൽ ഇളവ് അനുവദിച്ചു നിയമനംഗീകാരം നല്കാൻ കഴിയുകയില്ല .

**5.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. സീമ. പി.കെ - യെ മാനേജർ ദിവസവേതനാടിസ്ഥാനത്തിൽ കുട്ടമ്പൂർ ഹയർ സെക്കണ്ടറി സ്കൂളിൽ ലാബ് അസിസ്റ്റന്റ് ആയി നിയമിച്ച

2014 ജനുവരി 1-ന് ടിയാൾക്ക് ഉയർന്ന പ്രായപരിധി കഴിഞ്ഞിരുന്നില്ല. 21-08-17-ലെ ജി.ഒ (എം.എസ്) നം. 106/17/പൊ.വി.വ ഉത്തരവ് പ്രകാരം സ്ഥിരം തസ്തിക അനുവദിച്ചപ്പോഴേക്കും ടിയാൾക്ക് പ്രായപരിധി കഴിഞ്ഞിരുന്നു. ടി ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷമാണ് ഹർജിക്കാരിയെ പുതുതായി അനുവദിച്ച തസ്തികയിലേക്ക് 02-03-18 മുതൽ ലാബ് അസിസ്റ്റന്റ് ആയി നിയമിച്ചിട്ടുള്ളത്. പ്രസ്തുത തീയതിയിൽ ടിയാരിക്ക് നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി പിന്നിട്ടിരുന്നെങ്കിലും 01-12-14 മുതൽ ജോലി ചെയ്തുവരുന്നു എന്ന പരിഗണനയിലാണ് റഗുലറായി നിയമിച്ചത്. സമാനമായി നിയമിക്കപ്പെട്ട അധ്യാപകർക്ക് പരാമർശം (3) ഉത്തരവ് പ്രകാരം നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള ഉയർന്ന പ്രായപരിധിയിൽ നിന്നും ഇളവ് അനുവദിച്ചിട്ടുണ്ട്. അതേ സാഹചര്യത്തിൽ ഉൾപ്പെടുന്നുവെങ്കിലും പ്രസ്തുത ഗവൺമെന്റ് ഉത്തരവിൽ ലാബ് അസിസ്റ്റന്റ് തസ്തിക പരാമർശിക്കപ്പെട്ടിട്ടില്ല എന്നതിനാലാണ് ഹർജിക്കാരിക്ക് പ്രസ്തുത ആനുകൂല്യം നിഷേധിക്കപ്പെട്ടത്. ഈ സാഹചര്യത്തിൽ 21-08-17-ലെ ജി. ഒ (എം.എസ്) നം. 106/17/ജി.ഇ.ഡി.എൻ ഉത്തരവ് പ്രകാരം കോഴിക്കോട് കുട്ടമ്പൂർ ഹയർ സെക്കണ്ടറി സ്കൂളിൽ സൃഷ്ടിക്കപ്പെട്ട ലാബ് അസിസ്റ്റന്റ് തസ്തികയിൽ ശ്രീമതി. സീമ പി.കെ - യുടെ 02-03-2018 മുതലുള്ള നിയമനത്തിന്, ഉത്തരവ് തീയതി മുതൽ മാത്രം സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കുകയുള്ളൂ എന്ന വ്യവസ്ഥയോടെ പൊതു നിയമനത്തിന് കെ.ഇ.ആർ ചട്ടം 8 അധ്യായം XXXII പ്രകാരം നിശ്ചയിച്ചിട്ടുള്ള ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**6.** ഇപ്രകാരം ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത W P (C) No. 3121/2021-ന്മേലുള്ള 03-03-2021-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് മുഖേന)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം, തിരുവനന്തപുരം
മേഖലാ ഉപമേധാവി, ഹയർ സെക്കന്ററി വിദ്യാഭ്യാസം, കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ &ഇ), തിരുവനന്തപുരം
മാനേജർ,കുട്ടമ്പൂർഹയർസെക്കന്ററിസ്കൂൾ,നരിക്കുനി,കോഴിക്കോട്

ശ്രീമതി. സീമ. പി.കെ, ലാബ് അസിസ്റ്റന്റ്, കുട്ടമ്പൂർ ഹയർ സെക്കന്ററി സ്കൂൾ, നരിക്കുനി, കോഴിക്കോട്

പൊതു ഭരണ (എസ് സി) വകുപ്പ് (ഇനം.നം.664 തിയതി 12.04.2022)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ.ഉ.(കൈ) നം.59/2022/GEDN

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Asha Rani M**
**Date: 18-04-2022 12:36:46**

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 12-04-2022

ഫയൽ നം. എൽ3/40/2021/പൊ.വി.വ. ഇനം നം: 664

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - കോഴിക്കോട് ജില്ലയിലെ കുട്ടമ്പൂർ ഹയർ സെക്കണ്ടറി സ്കൂളിൽ 02.03.2018-ൽ ലാബ് അസിസ്റ്റന്റ് ആയി നിയമിതയായ ശ്രീമതി. സീമ പി. കെ.-യ്ക്ക് ടി തസ്തികയിൽ നിയമനത്തിനായി പൊതുനിയമനത്തിന് നിശ്ചയിച്ചിട്ടുള്ള ഉയർന്ന പ്രായ പരിധിയിൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

12/4/22

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | എൽ3/40/2021/പൊ.വി.വ |
| 2 | വകുപ്പ് | പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ് |
| 3 | വിഷയം | കോഴിക്കോട് ജില്ലയിലെ കട്ടമ്പർ ഹയർ സെക്കണ്ടറി സ്കൂളിൽ 02-03-18-ൽ ലാബ് അസിസ്റ്റന്റ് ആയി നിയമിതയായ ശ്രീമതി. സീമ പി.കെ-ക്ക് ടി തസ്തികയിൽ നിയമനത്തിനായി പൊതുനിയമനത്തിന് നിശ്ചയിച്ചിട്ടുള്ള ഉയർന്ന പ്രായ പരിധിയിൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത്-സംബ. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 11/03/22 |
| 5 | 1. ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>2. സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | അല്ല<br>ബാധകമല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. കെ. നന്ദകുമാർ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 04/04/22 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി.പി ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 06/04/22 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. വി. ശിവൻകുട്ടി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 07/04/22 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 11 ~~08~~/04/22 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കോഴിക്കോട് ജില്ലയിലെ കുട്ടമ്പൂർ ഹയർ സെക്കണ്ടറി സ്കൂളിൽ 21-08-17-ലെ ജി.ഒ (എം.എസ്) നം. 106/17/പൊ.വി.വ ഉത്തരവ് പ്രകാരം സൃഷ്ടിക്കപ്പെട്ട ലാബ് അസിസ്റ്റന്റ് തസ്തികയിൽ 02-03-2018-ൽ നിയമിതയായ ശ്രീമതി. സീമ പി.കെ-ക്ക് പൊതുനിയമനത്തിന് നിശ്ചയിച്ചിട്ടുള്ള ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

**2.** 24-11-14-ലെ ജി. ഒ (എം.എസ്) 247/2014/പൊ.വി.വ ഉത്തരവ് പ്രകാരം എയ്ഡഡ് ഹയർ സെക്കണ്ടറിയായി ഉയർത്തപ്പെട്ട വിദ്യാലയമാണ് കോഴിക്കോട് ജില്ലയിലെ കുട്ടമ്പൂർ ഹയർ സെക്കണ്ടറി സ്കൂൾ. 2014-15 അധ്യയന വർഷം മുതൽ ടി സ്കൂളിൽ സയൻസ്, കൊമേഴ്സ് വിഭാഗങ്ങളിൽ ഓരോ ബാച്ച് വീതം പ്രവർത്തിക്കുന്നു. 2014-15 വർഷത്തിൽ പുതിയതായി അനുവദിക്കുമെന്ന് പ്രതീക്ഷിച്ച ലാബ് അസിസ്റ്റന്റ് തസ്തികയിലേക്ക് മാനേജർ ശ്രീമതി. സീമ പി.കെ-യെ 01-12-2014 മുതൽ നിയമിക്കുകയുണ്ടായി. ഈ സമയത്ത് ടിയാരിയുടെ പ്രായം 34 വയസായിരുന്നു. 21-08-2017- ലെ ജി.ഒ (എം.എസ്) നം. 106/17/പൊ.വി.വ ഉത്തരവ് പ്രകാരം ആണ് ടി സ്കൂളിൽ പുതിയ അധ്യാപക/അനധ്യാപക തസ്തികകൾ സൃഷ്ടിക്കപ്പെട്ടത്.

**3.** മേൽ ഉത്തരവ് പ്രകാരം സൃഷ്ടിക്കപ്പെട്ട രണ്ട് ലാബ് അസിസ്റ്റന്റ് തസ്തികകളിൽ ഒന്നിൽ മാനേജർ ശ്രീമതി. ഷബാനയെ 2018 ജനുവരിയിൽ നേരിട്ടുള്ള നിയമന രീതി പ്രകാരം നിയമിക്കുകയും ആയതിന് കോഴിക്കോട് മേഖലാ ഉപമേധാവി നിയമനാംഗീകാരം നൽകുകയും ചെയ്തു. രണ്ടാമത്തെ തസ്തികയിലേക്ക് ശ്രീമതി. സീമ പി.കെ -യെ നേരിട്ടുള്ള നിയമന രീതി പ്രകാരം 2018 മാർച്ചിൽ നിയമിച്ച് അംഗീകാരത്തിന് സമർപ്പിച്ചു. ശ്രീമതി. സീമ പി.കെ - യുടെ ജനനത്തീയതി 30-05-1980 ആയതിനാൽ മാനേജർ ടിയാരിയെ നിയമിച്ച 2018 ജനുവരി 1-ന് ടിയാരിക്ക് നിയമാനുസൃത പ്രായപരിധി കഴിഞ്ഞിരുന്നു . ടി സാഹചര്യത്തിൽ ലാബ് അസിസ്റ്റന്റ് തസ്തികയിലേക്ക് ടിയാരിയെ 02-03-18-ൽ നേരിട്ട് നിയമിച്ചു കൊണ്ടുള്ള അപേക്ഷ ഹയർസെക്കണ്ടറി മേഖലാ ഉപമേധാവി നിരസിക്കുകയുണ്ടായി. കുട്ടമ്പൂർ ഹയർ സെക്കണ്ടറി സ്കൂളിൽ ഹയർ സെക്കണ്ടറി ബാച്ച് അനുവദിച്ചതിനെ തുടർന്ന് മാനേജർ 01-12-14-ൽ ടിയാരിയെ നിയമിക്കുമ്പോൾ പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിലും തസ്തിക സൃഷ്ടിക്കപ്പെട്ടത് 21-08-17-ന് മാത്രമാണ് .

ശ്രീമതി. സീമ പി.കെ- യുടെ നിയമനാംഗീകാര അപേക്ഷ കോഴിക്കോട് മേഖലാ ഉപമേധാവി നിരസിച്ചതിനെ തുടർന്ന് സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി ലാബ് അസിസ്റ്റന്റുമാർക്ക് നിയമനത്തിന് പ്രായപരിധിയിൽ ഇളവ് അനുവദിച്ചുത്തരവാകാത്തതിനാൽ നിരസിച്ചിരുന്നു.

4. കുട്ടമ്പൂർ ഹയർ സെക്കണ്ടറി സ്കൂളിൽ അനുവദിച്ച ലാബ് അസിസ്റ്റന്റ് തസ്തികയിൽ തനിക്ക് 02-03-18 മുതൽ നൽകിയ നിയമനം അംഗീകരിക്കുന്നതിനായി സർക്കാരിന്റെ പ്രത്യേക വിവേചനാധികാരം ഉപയോഗിച്ച് പൊതുനിയമനത്തിന് നിശ്ചയിച്ചിട്ടുള്ള ഉയർന്ന പ്രായ പരിധിയിൽ നിന്ന് ഇളവ് തന്നു പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഹർജിക്കാരി സർക്കാരിലേക്ക് 09-02-21-ൽ ഒരു റിവിഷൻ ഹർജി കൂടി സമർപ്പിക്കുകയുണ്ടായി. ഇതോടൊപ്പം ഇത് സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ 3121/21 നമ്പരായി ഒരു റിട്ട് പെറ്റീഷനും ഫയൽ ചെയ്യുകയുണ്ടായി ബഹു. ഹൈക്കോടതിയുടെ 03-03-21-ലെ വിധിന്യായ പ്രകാരം കോവിഡ്-19 മായി ബന്ധപ്പെട്ട സവിശേഷ സാഹചര്യം നിലനിൽക്കുന്ന സാഹചര്യത്തിൽ ഗൂഗിൾ മീറ്റ് സംവിധാനം മുഖേന പൊതുവിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ബന്ധപ്പെട്ടവരെ 01-06-21-ൽ കേൾക്കുകയുണ്ടായി.

5. ചട്ടപ്രകാരം ഹയർ സെക്കണ്ടറി സ്കൂളിൽ അനധ്യാപകർക്ക് നേരിട്ടുള്ള നിയമനത്തിന് 19-നും 35-നും ഇടയിലായിരിക്കണം പ്രായപരിധി. ശ്രീമതി. സീമ പി.കെ-യുടെ ജനനത്തിയതി 30-05-1980 ആയതിനാൽ മാനേജർ ടിയാരിയെ നിയമിച്ച വർഷം ജനുവരി 1-ന് (01-01-2018-ന്) ടിയാരിക്ക് നിയമാനുസൃത പ്രായപരിധി കഴിഞ്ഞിരുന്നു. നിലവിൽ ലാബ് അസിസ്റ്റന്റ്മാർക്ക് നിയമനത്തിന് പ്രായപരിധിയിൽ ഇളവ് അനുവദിച്ച ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ശ്രീമതി. സീമ. പി.കെ-ക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ച് നിയമനാംഗീകാരം നൽകാൻ കഴിയുകയില്ല എന്ന് ഹിയറിംഗ് ഓഫീസർ അഭിപ്രായപ്പെട്ടു.

6. ശ്രീമതി. സീമ പി.കെ - യെ മാനേജർ ദിവസവേതനാടിസ്ഥാനത്തിൽ കുട്ടമ്പൂർ ഹയർ സെക്കണ്ടറി സ്കൂളിൽ ലാബ് അസിസ്റ്റന്റ് ആയി നിയമിച്ച 2014 ജനുവരി 1-ന് ടിയാൾക്ക് ഉയർന്ന പ്രായപരിധി കഴിഞ്ഞിരുന്നില്ല. 21-08-17-ലെ ജി.ഒ (എം.എസ്) നം. 106/17/പൊ.വി.വ ഉത്തരവ് പ്രകാരം സ്ഥിരം തസ്തിക അനുവദിച്ചപ്പോഴേക്കും ടിയാൾക്ക് പ്രായപരിധി കഴിഞ്ഞിരുന്നു. ടി ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷമാണ് ഹർജിക്കാരിയെ

പുതുതായി അനുവദിച്ച തസ്തികയിലേക്ക് 02-03-18 മുതൽ ലാബ് അസിസ്റ്റന്റ് ആയി നിയമിച്ചിട്ടുള്ളത്. പ്രസ്തുത തീയതിയിൽ ടിയാരിക്ക് നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി പിന്നിട്ടിരുന്നെങ്കിലും 01-12-14 മുതൽ ജോലി ചെയ്തുവരുന്നു എന്ന പരിഗണനയിലാണ് റഗുലറായി നിയമിച്ചത്. സമാനമായി നിയമിക്കപ്പെട്ട അധ്യാപകർക്ക് 29-08-17-ലെ ജി. ഒ (എം.എസ്) നം. 108/17/പൊ.വി.വ ഉത്തരവ് പ്രകാരം നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള ഉയർന്ന പ്രായപരിധിയിൽ നിന്നും ഇളവ് അനുവദിച്ചിട്ടുണ്ട്. അതേ സാഹചര്യത്തിൽ ഉൾപ്പെടുന്നുവെങ്കിലും പ്രസ്തുത ഗവൺമെന്റ് ഉത്തരവിൽ ലാബ് അസിസ്റ്റന്റ് തസ്തിക പരാമർശിക്കപ്പെട്ടിട്ടില്ല എന്നതിനാലാണ് ഹർജിക്കാരിക്ക് പ്രസ്തുത ആനുകൂല്യം നിഷേധിക്കപ്പെട്ടത്. അതിനാൽ 21-08-17-ലെ ജി. ഒ (എം.എസ്) നം. 106/17/ജി.ഇ.ഡി.എൻ ഉത്തരവ് പ്രകാരം കുട്ടമ്പൂർ ഹയർ സെക്കണ്ടറി സ്കൂളിൽ സൃഷ്ടിക്കപ്പെട്ട ലാബ് അസിസ്റ്റന്റ് തസ്തികയിലുള്ള ശ്രീമതി. സീമ പി.കെ - യുടെ 02-03-2018 മുതലുള്ള നിയമനത്തിന് സ്ഥിര നിയമന ഉത്തരവ് തീയതി മുതൽ മാത്രം സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കുകയുള്ളൂ എന്ന വ്യവസ്ഥയോടെ ഉയർന്ന പ്രായപരിധിയിൽ ഇളവ് (കെ.ഇ.ആർ ചട്ടം 8 അധ്യായം XXXII ലുള്ള ഇളവ്) അനുവദിക്കാവുന്നതാണോ എന്ന വിഷയത്തിൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

21-08-17-ലെ ജി. ഒ (എം.എസ്) നം. 106/17/ജി.ഇ.ഡി.എൻ ഉത്തരവ് പ്രകാരം കോഴിക്കോട് കുട്ടമ്പൂർ ഹയർ സെക്കണ്ടറി സ്കൂളിൽ സൃഷ്ടിക്കപ്പെട്ട ലാബ് അസിസ്റ്റന്റ് തസ്തികയിൽ ശ്രീമതി. സീമ പി.കെ - യുടെ 02-03-2018 മുതലുള്ള നിയമനത്തിന്, ഉത്തരവ് തീയതി മുതൽ മാത്രം സാമ്പത്തികാനുകൂല്യങ്ങൾ അനുവദിക്കുകയുള്ളൂവെന്ന വ്യവസ്ഥയോടെ പൊതുനിയമനത്തിന് കെ.ഇ.ആർ ചട്ടം 8 അധ്യായം XXXII പ്രകാരം നിശ്ചയിച്ചിട്ടുള്ള ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കാമോ ; അപ്രകാരം ബഹു. ഹൈക്കോടതിയുടെ റിട്ട് പെറ്റീഷൻ (സി) നം. 3121/2021 -ന്മേൽ 03-03-2021-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിലാക്കാമോ ?